**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2135 — 07.03.2017 ൽ മറുപടിക്ക്

**കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്**

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ ഏതു തരത്തിലുള്ള ഓപ്പറേഷൻ നടത്തിയാലും രോഗികളെ കിടത്തുന്നതിനുള്ള ശീതീകരിച്ച പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ശീതീകരിച്ച പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് സ്ഥാപിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (ബി) | നിലവിൽ ട്രാൻസ്ഫോർമർ ഇല്ലാത്തതിനാൽ വൈദ്യുതി വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ടി ആശുപത്രിയിൽ ഇലക്ട്രിക്കൽ ഹൈടെൻഷൻ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ 2016-17 സാമ്പത്തിക വർഷത്തിലെ ആരോഗ്യ വകുപ്പിനു കീഴിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഇലക്ട്രിക്കൽ ഹൈടെൻഷൻ സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന മുറയ്ക്ക് വാർഡ് ശീതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ